LIBRARY ARCHIVES Kerala Legislative Assembly

മഞ്ചേശ്വരം മണ്ഡലം കേന്ദ്രീകരിച്ച് കബഡി അക്കാദമി

221 (5111) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യത്തിന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേശ്വരം മണ്ഡലം കേന്ദ്രീകരിച്ച് ആരംഭിക്കാനിരിക്കുന്ന കബഡി അക്കാദമിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ?

ഉത്തരം

ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

കോഴിക്കോട് നഗരത്തിൽ സർക്കാർ ഉടമസ്ഥതയിൽ നീന്തൽക്കുളം

222 (5112) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ സർക്കാർ ഉടമസ്ഥതയിൽ നീന്തൽക്കുളം നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) പരിഗണിച്ചുവരുന്നു.

കുമ്പളം, മരട്, കുമ്പളങ്ങി, ചെല്ലാനം ഗ്രാമപഞ്ചായത്തുകളിൽ മിനി സ്റ്റേഡിയം അനുവദിക്കുന്നതിന് നടപടി

223 (5113) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ മിനി സ്റ്റേഡിയം അനുവദിക്കുന്ന പദ്ധതിയിൽ എറണാകുളം ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) കുമ്പളം, മരട്, കുമ്പളങ്ങി, ചെല്ലാനം ഗ്രാമപഞ്ചായത്തുകളിൽ മിനി സ്റ്റേഡിയം അനുവദിക്കുന്നതിന് നടപടി കൈക്കൊള്ളുമോ ?